# G20 Culture Ministers Meeting hosted by Italy

July 30, 2021

---

## ഇറ്റലിയുടെ അധ്യക്ഷതയിലുള്ള G20 സാംസ്കാരിക മന്ത്രിമാരുടെ സമ്മേളനം

2021 ജൂലൈ 30 -ന് ഇറ്റലി ആതിഥേയത്വം വഹിച്ച,G20 സാംസ്കാരിക മന്ത്രിമാരുടെ യോഗത്തിൽ ഇന്ത്യൻ വിദേശകാര്യമന്ത്രാലയത്തിലെ ബഹുമാനപ്പെട്ട വിദേശകാര്യ - സാംസ്കാരിക സഹമന്ത്രി ശ്രീമതി. മീനാക്ഷിലേഖി പങ്കെടുത്തു.

സാംസ്കാരിക പൈതൃക സംരക്ഷണം; കാലാവസ്ഥാ പ്രതിസന്ധിയെ സംസ്കാരികമായി അഭിസംബോധന ചെയ്യുക; പരിശീലനത്തിലൂടെയും വിദ്യാഭ്യാസത്തിലൂടെയും നൈപുണ്യം വികസിപ്പിക്കുക; സാംസ്കാരിക മേഖലയിലെ ഡിജിറ്റൽ പരിവർത്തനവും പുതിയ സാങ്കേതികവിദ്യകളും; വളർച്ചഉപാധികൾ എന്ന നിലയിലുള്ള സംസ്കാരവും സൃഷ്ടിപരമായ മേഖലകളും എന്നീ വിഷയങ്ങളിൽ ചർച്ച നടത്തി

ബഹുമാനപ്പെട്ട വിദേശകാര്യ, സാംസ്കാരിക സഹമന്ത്രി യോഗത്തിൽ പങ്കെടുത്തവരെ അഭിസംബോധന ചെയ്യുകയും, 'വളർച്ചഉപാധികൾ ന്ന നിലയിൽ സംസ്കാരവും സൃഷ്ടിപരമായ മേഖലകളും ' എന്ന വിഷയത്തിൽ ഇന്ത്യയുടെ കാഴ്ചപ്പാട് അവതരിപ്പിക്കുകയും ചെയ്തു.സാമ്പത്തിക വളർച്ച തൊഴിലവസരനാല് കൂടാതെ സ്ത്രീകൾക്കും യുവതലമുറയ്ക്കും കൂടുതൽ വൈവിധ്യമാർന്ന പാരമ്പര്യങ്ങളും പ്രവർത്തന പരിചയക്കുമുള്ള പ്രാദേശിക സമൂഹത്തിനും തൊഴിലവസരങ്ങൾക്കുള്ള സാധ്യത നൽകുന്നതിനും, കൈത്തറി, കരകൗശലവസ്തുക്കൾ, ഖാദി തുടങ്ങിയവയുടെ ഉൽപാദനത്തിലെന്നപോലെ കൂടുതൽ പരിസ്ഥിതി സൗഹാർദ്ദപരവും ആയ ഉല്പാദന ഉപഭോഗ രീതികൾ പ്രചരിപ്പിക്കുന്നതും സാംസ്കാരിക സർഗാത്മക മേഖലകൾക്കുള്ള പ്രാധാന്യവും കൂടാതെ ഇവയ്ക്ക് ഇന്ത്യയിലുള്ള പ്രസക്തിയും അവർ ലഘുവായി വിശദീകരിച്ചു.

തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലൂടെയും അസമത്വങ്ങൾ കുറയ്ക്കുന്നതിലൂടെയും സുസ്ഥിരമായ രീതിയിൽ വികസനം പ്രോത്സാഹിപ്പിക്കുന്നതിലൂടെയും ആളുകൾക്ക് വ്യത്യസ്തമായ വ്യക്തിത്വങ്ങൾ നൽകുന്നതിലൂടെയും സംസ്കാരത്തിനും സർഗ്ഗാത്മക മേഖലകൾക്കും വളർച്ച കൊണ്ടുവരാൻ കഴിയുമെന്ന് അവർ ഊന്നിപ്പറഞ്ഞു.

ഉത്തർപ്രദേശ് സർക്കാരിന്റെ വൺ ഡിസ്ട്രിക്റ്റ് വൺ പ്രൊഡക്റ്റ് സ്കീം, ടൂറിസം ശൃംഖലകൾ, യോഗയുടെയും ആയുർവേദത്തിന്റെയും പ്രചരണം തുടങ്ങിയ

സംസ്കാരവും സർഗ്ഗാത്മകവുമായ മേഖലകൾ വികസിപ്പിക്കുന്നതിന് ഇന്ത്യ സ്വീകരിച്ച വിവിധ നടപടികൾ അവർ എടുത്തുകാണിച്ചു.

സാംസ്കാരികവും സർഗ്ഗാത്മകവുമായ മേഖലകളുമായി ബന്ധപ്പെട്ട പൊതുവായ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനും പൊതു നയങ്ങൾ ഉചിതമായി അറിയിക്കുന്നതിനും ഏറ്റെടുക്കുന്നതിനും അന്താരാഷ്ട്ര സംഭാഷണത്തിന്റെയും സഹകരണത്തിന്റെയും ആവശ്യകത അവർ അടിവരയിട്ട് പ്രസ്താവിക്കുകയും പിന്തുണയ്ക്കുകയും ചെയ്തു.

സമൂഹത്തിലെ സാംസ്കാരികവും സർഗ്ഗാത്മകവുമായ മേഖലകളെ പിന്തുണയ്ക്കാനും സുഗമമാക്കാനുമുള്ള ശ്രമങ്ങളിൽ അന്താരാഷ്ട്ര സാംസ്കാരിക സഹകരണത്തിനും ഏകോപനത്തിനുമുള്ള ഇന്ത്യയുടെ പ്രതിബദ്ധത അവർ ആവർത്തിച്ചു.

ചർച്ചകളുടെ അവസാനം, G20 സാംസ്കാരിക മന്ത്രിമാർ G20 കൾച്ചർ വർക്കിംഗ് ഗ്രൂപ്പ് റഫറൻസ് നിബന്ധനകൾ അംഗീകരിക്കുകയും ചെയ്തു.

ദേശീയവും അന്തർദേശീയവുമായ തലത്തിൽ ശക്തമായ സാമ്പത്തിക സാമൂഹിക സ്വാധീനങ്ങൾ കണക്കിലെടുത്തുകൊണ്ട് G20 സാംസ്കാരിക പ്രവർത്തന പദ്ധതികളുടെ അമൂഖം എന്നാ രീതിയിൽ G20 നേതാക്കളുടെ ഉച്ചകോടി 2021ൽ അവതരിപ്പിക്കുന്നതിനായി G20 സാംസ്കാരിക മന്ത്രിമാർ മന്ത്രിതല പ്രസ്താവന ഏറ്റെടുക്കുകയും ചെയ്തു.

**ന്യൂ ഡൽഹി**
**ജൂലൈ 30, 2021**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.